**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2539** **12-02-2020-ൽ മറുപടിക്ക്**

# ക്രൂസ് ടൂറിസത്തിന്റെ വികസനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ.ജെ മാക്സി | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | ആഗോള ക്രൂസ് ടൂറിസം ഭൂപടത്തിൽ കാലൂന്നിയ കേരളം പ്രസ്തുത ടൂറിസം വികസനത്തിനായും അതിലൂടെ തൊഴിലും മികച്ച ഭാവിയും സൃഷ്ടിക്കാനും കൂടുതൽ ടൂറിസ്റ്റുകളെ സംസ്ഥാനത്തെത്തിക്കാനുമായി നടത്തിവരുന്ന സർക്കാർ പ്രവർത്തനങ്ങൾ എന്തെല്ലാം എന്നറിയിക്കാമോ; | (എ), & (ബി) | വടക്കൻ മലബാർ മേഖലയിലെ ടൂറിസം സാധ്യതകൾ വിപുലീകരിക്കുന്നതിനും കൂടുതൽ തദ്ദേശീയരും വിദേശിയരുമായ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനും വേണ്ടി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് മലനാട്-മലബാർ റിവർ ക്രൂയിസ് പദ്ധതി. കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ വിവിധ പുഴകളിലൂടെ സഞ്ചാരികൾക്ക് യാത്ര ചെയ്യുവാനും, തദ്ദേശീയമായ വിവിധ കലാരൂപങ്ങൾ, പൈതൃകവും ചരിത്രപരവുമായ അവശേഷിപ്പുകൾ, ഭക്ഷണ രീതികൾ, എന്നിവ ആസ്വദിക്കുവാനും അനുഭവിച്ചറിയുവാനുമുള്ള അവസരമൊരുക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. മാഹിപ്പുഴ, അഞ്ചരക്കണ്ടിപ്പുഴ, വളപട്ടണംപുഴ, വലിയപറമ്പ കായൽ എന്നിവയിലാണ് പദ്ധതിയുടെ പ്രധാന ഘടകങ്ങൾ വിഭാവനം ചെയ്തിട്ടുള്ളത്. ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ സ്റ്റേറ്റ് പദ്ധതിയായി 17 പദ്ധതികൾക്ക് 53.07 കോടി രൂപയുടെ ഭരണാനുമതി നൽകുകയും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ 14 ബോട്ട് ടെർമിനലുകൾ/ ജെട്ടികൾ കണ്ണൂർ ജില്ലയിലും 3 എണ്ണം കാസർഗോഡ് ജില്ലയിലുമാണ് |
| (ബി) | ക്രൂസ് ടൂറിസത്തിൽ കൊച്ചിയുടെ പ്രകൃതി സൗന്ദര്യം,സംസ്കാരം, പാചകരീതികൾ, കൊച്ചിയിൽ ലഭ്യമാകുന്ന ഹോംസ്റ്റേകൾ എന്നിവയും കൊച്ചിയുടെ സാംസ്കാരികവും ചരിത്രപരവുമായ അറിവുകൾ ടൂറിസ്റ്റുകൾക്ക് പകർന്നു നല്കുവാനുമുള്ള സാധ്യതകളും ഉപയോഗപ്രദമാക്കാനായി വിനോദ സഞ്ചാര വകുപ്പും സർക്കാരും സ്വീകരിച്ചു വരുന്ന പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കുമോ; | | |

| | | | |
|---|---|---|---|
| | | | സ്ഥിതിചെയ്യുന്നത്. ഇൻലാൻറ് നാവിഗേഷൻ വകുപ്പ് മുഖേനയാണ് പ്രസ്തുത പദ്ധതികളുടെ നിർവ്വഹണം നടപ്പിലാക്കുന്നത്. കണ്ണൂർ ജില്ലയിലെ പഴയങ്ങാടി ബോട്ട് ടെർമിനലിന്റെ നിർമ്മാണ പ്രവൃത്തി പൂർത്തിയായിട്ടുണ്ട്.<br>റൂറൽ സർക്യൂട്ട് പദ്ധതിയിൽ ഉൾപ്പെടുത്തി മലനാട്-മലബാർ റിവർ ക്രൂയിസ് പദ്ധതിയ്ക്ക് കേന്ദ്രസർക്കാർ 80.37 കോടി രൂപയുടെ അംഗീകാരം നൽകിയിട്ടുണ്ട്. ഇതിൽ പ്രധാനമായും ബോട്ട് ജെട്ടികൾ/ടെർമിനലുകൾ എന്നിവയ്ക്ക് പുറമെ ബോട്ട് പവലിയനും ഉൾപ്പെടുന്നു.<br>പ്രസ്തുത പദ്ധതിക്കുവേണ്ടി താഴെപറയും പ്രകാരം 6 ബോട്ടുകൾ വാങ്ങുന്നതിന് 04.09.2019 ലെ സ.ഉ(സാധാ) നം.294/2019/ടൂറിസം പ്രകാരം 4.67 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.<br>1. കൊപ്ര വള്ളം (10 സീറ്റർ) - 2 എണ്ണം<br>2. ഫ്രീഡം (6 സീറ്റർ) - 2 എണ്ണം<br>3. മാരിവിൽ (25 സീറ്റ്) - 2 എണ്ണം<br>ഇതിനുവേണ്ടിയുള്ള വർക്ക്/പർച്ചേസ് ഓർഡർ കേരള ഷിപ്പിംഗ് ആൻറ് ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷന് നൽകിയിട്ടുണ്ട്. കൊച്ചി വെല്ലിംഗ്ടൺ ഐലന്റിനോട് ചേർന്ന് ക്രൂയിസ് ടൂറിസം ഫെസിലിറ്റേഷൻ സെൻററും, പെർഫോർമിംഗ് ആർട്സ് തിയേറ്ററുകളും (കൂത്തമ്പലം) നിർമ്മിക്കുന്നതിനായി 4.84 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ നിർമ്മാണം തുടങ്ങുന്നതിന്റെ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | സംസ്ഥാനത്തെ ഹോംസ്റ്റേകളെ കൊമേഴ്സ്യൽ കാറ്റഗറിയിൽ ഉൾപ്പെടുത്തിയ നടപടി ടൂറിസം മേഖലാ വികസനത്തിന് വലിയ തിരിച്ചടി ആയതിനാൽ അവയെ പ്രസ്തുത കാറ്റഗറിയിൽ നിന്നൊഴിവാക്കി ടൂറിസം വികസനം ജനങ്ങളിലെത്തിക്കാൻ സർക്കാർ നാളിതുവരെ സ്വീകരിച്ച പ്രധാന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ? | (സി) | കേരളത്തിലെ ഹോംസ്റ്റേകൾ നേരിടുന്ന പ്രശ്നങ്ങൾ ചർച്ചചെയ്യുന്നതിനായി വിനോദസഞ്ചാര വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 22-07-2019-ന് ചേർന്ന യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഹോംസ്റ്റേകൾക്ക് വെള്ളത്തിന് ഗാർഹിക നിരക്ക് ഈടാക്കുന്നതിന് നിലവിലെ ഉത്തരവിൽ ഭേദഗതി വരുത്തുന്നത് സംബന്ധിച്ച വിഷയം വാട്ടർ അതോറിട്ടി മാനേജിംഗ് ഡയറക്ടറുമായി ബന്ധപ്പെട്ട് നടപടി സ്വീകരിയ്ക്കുവാൻ ജല വിഭവ വകുപ്പിനോടും, ബിൽഡിംഗ് ടാക്സ് ഗാർഹിക നിരക്കിൽ ആക്കുന്നത് സംബന്ധിച്ച വിഷയത്തിൽ നടപടി സ്വീകരിക്കുവാൻ തദ്ദേശസ്വയം ഭരണ വകുപ്പിനോടും ആവശ്യപ്പെട്ടിട്ടുണ്ട്. 16-01-2020-ലെ സർക്കാർ ഉത്തരവ് പ്രകാരം ഹോംസ്റ്റേ ക്ലാസിഫിക്കേഷൻ/റീക്ലാസിഫിക്കേഷൻ സ്കീം പുതുക്കിയും ഉത്തരവായിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**